## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **296** — 13-03-2017 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**<br>**ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ.പി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവർക്ക് നൽകുന്ന പ്രതിദിന വേതനം എത്രയാണെന്നും അറിയിക്കുമോ; | (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് നാളിതുവരെ 32,14,628 കുടുംബങ്ങളിലെ 49,74,716 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ അവിദഗ്ധ കായിക തൊഴിലിനുള്ള കൂലി 240/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവർക്കുള്ള വേതനം കുടിശ്ശികയായിട്ടുള്ളത്ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് മാസം മുതലുള്ള തുകയാണ് നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം മുതലുള്ള തുകയാണ് നൽകാനുള്ളത്. |
| (സി) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം ശരാശരി എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടുന്നത്; ജോലിക്ക് ശേഷം 14 ദിവസത്തിനുള്ളിൽ വേതനം നൽകിയില്ലെങ്കിൽ വേതനത്തിന്റെ 0.05% നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥപാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരെ തൊഴിൽ ലഭിച്ച ഒരു കുടുംബത്തിന് ശരാശരി 41.36 ദിവസങ്ങൾ തൊഴിൽ നൽകിയിട്ടുണ്ട്.നടപ്പ് സാമ്പത്തിക വർഷം തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് കാലതാമസം വന്ന കാരണത്താൽ നൽകേണ്ട നഷ്ടപരിഹാരത്തുകയായി 415615/-രൂപ അർഹതപ്പെട്ട തൊഴിലാളികളുടെ അക്കൗണ്ടിലേക്ക നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**